പേരാവൂരിൽ പൂട്ട് വീണു

# ശൈലജയെ കാത്തിരിക്കുന്നത് ഗൗരിയമ്മയുടെ ദുർവിധി

മീരാ നായർ



സി.പി.എമ്മിൽ ഗൗരിയമ്മയ്ക്കും സുശീല ഗോപാലനും ഉണ്ടായ ദുർവിധി തന്നെയാണ് കെ.കെ. ശൈലജ ടീച്ചറെയും കാത്തിരിക്കുന്നതെന്ന് വ്യക്തമായി. ആദ്യത്തെ വനിതാ മുഖ്യമന്ത്രി പോയിട്ട് ഇനി എം.എൽ.എ എങ്കിലും ആകാൻ കഴിയുമോ എന്ന സംശയമാണ്. കോൺഗ്രസ്സിന്റെ ഉറച്ച സീറ്റും കെ.പി.സി.സി പ്രസിഡന്റ് സണ്ണി ജോസഫ് മത്സരിക്കുന്നതുമായ പേരാവൂർ സീറ്റ് നൽകി ശൈലജയെ തോൽപ്പിക്കാനാണ് നീക്കം. പിണറായിക്ക് മീതെ ഒരു ശൈലജയും പറക്കില്ല എന്ന് സ്ഥാപിക്കുകയാണ് ലക്ഷ്യം. പേരാവൂരിൽ പണി കൊടുത്ത് അവിടെ തന്നെ തീർക്കും. ഇനി ശൈലജയെക്കുറിച്ച് ഒരു ചർച്ച പോലും ഉണ്ടാകരുത്.

നിയമസഭാ തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫിനെ നയിക്കുമെന്ന എം. എ. ബേബിയുടെ പ്രഖ്യാപനം വിജ്ഞാപനം വന്നപ്പോൾ തന്നെ മൂന്നാമൂഴവും പിണറായിക്ക് തന്നെയെന്ന് ഉറപ്പായി കഴിഞ്ഞിരുന്നു. സ്ഥാനാർത്ഥി നിർണ്ണയ ചർച്ചകളുടെ തുടക്കത്തിൽ ശൈലജയ്ക്ക് സീറ്റ് നൽകേണ്ട എന്നായിരുന്നു തീരുമാനം. എന്നാൽ അണികൾക്കിടയിൽ നിന്നുണ്ടായ അമർഷം പുകഞ്ഞതോടെയാണ് പേരാവൂർ സീറ്റ് നൽകി തോൽവി ഉറപ്പാക്കാൻ നിശ്ചയിച്ചത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ റെക്കോർഡ് ഭൂരിപക്ഷത്തിൽ ശൈലജ വിജയിച്ച മട്ടന്നൂർ മണ്ഡലത്തിൽ ഡി.വൈ.എഫ്.ഐ നേതാവ് വി.കെ. സനോജാണ് സ്ഥാനാർത്ഥി.

സ്ഥാനാർത്ഥി നിർണ്ണയത്തിൽ പിണറായി വഹിക്കുന്ന പങ്ക് ചെറുതല്ല. പ്രതിപക്ഷ നേതാവായിരിക്കെ അഴിമതി, പെൺവാണിഭം, പരിസ്ഥിതി വിഷയങ്ങളിൽ കൂടിയാലോചന നടത്താതെ പാർട്ടിക്ക് മുന്നിൽ നടന്നു എന്നതടക്കം ചൂണ്ടിക്കാട്ടിയാണ് വി.എസ്. മുഖ്യമന്ത്രിയായപ്പോൾ അദ്ദേഹത്തിന് ആഭ്യന്തര വകുപ്പ് നൽകാതിരുന്നത്. അതോടെ പാർട്ടിക്ക് മുകളിൽ ആളില്ലെന്ന വാദത്തിന് ബലമായി. പക്ഷേ തുടർഭരണത്തോടെ പിണറായി പാർട്ടിക്ക് മുകളിലേക്ക് വളരുന്ന കാഴ്ചയാണ് കണ്ടത്. രണ്ടാം ടേമിൽ മന്ത്രിമാരെ മുഴുവൻ

**സി.പി.എമ്മിന്റെ ഭാവി മുഖ്യമന്ത്രിയായി അറിയപ്പെടുന്ന കെ.കെ. ശൈലജയെ പേരാവൂർ സീറ്റിൽ മത്സരിപ്പിച്ച് തോൽവി ഉറപ്പാക്കാൻ നീക്കം. പിണറായിക്ക് മീതെ ഒരു ശൈലജയും പറക്കില്ല എന്ന് സ്ഥാപിക്കുകയാണ് ലക്ഷ്യം. മുൻപ് രണ്ട് മുന്നണികളെയും മാറി മാറി പിന്തുണച്ച മണ്ഡലം എന്ന നിലയിൽ പേരാവൂരിൽ ശൈലജയ്ക്ക് നേരിയ പ്രതീക്ഷയുണ്ട്. ജയിച്ചു വന്നാൽ പാർട്ടിയിൽ കൂടുതൽ ശക്തയാകാമെന്ന കണക്കുകൂട്ടലുമുണ്ട്. പക്ഷേ സുശീല ഗോപാലനുണ്ടായ ദുർവിധിയാണ് ശൈലജയെയും കാത്തിരിക്കുന്നതെന്നാണ് പിണറായി പക്ഷത്തിന്റെ വിലയിരുത്തൽ.**

മാറ്റാനുള്ള തീരുമാനം പിണറായിയുടേതായിരുന്നു. സംഘടനാ രംഗത്ത് 75 വയസ്സ് പ്രായപരിധിയിൽ ഇളവ് ലഭിച്ചതും പിണറായിക്ക് മാത്രം.

കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ തന്നെക്കാൾ ഭൂരിപക്ഷം നേടിയപ്പോൾ തന്നെ പിണറായി ശൈലജയെ നോട്ടപ്പുള്ളിയാക്കിയതാണ്. അതിന് മുൻപ് കോവിഡ് കാലത്ത് ശൈലജ തന്നെ ഓവർ ടേക്ക് ചെയ്യുന്നു എന്നൊരു തോന്നൽ പോലും അദ്ദേഹത്തിനുണ്ടായി. ശൈലജയ്ക്ക് 'കോവിഡ് റാണി' എന്നൊരു വിശേഷണം ലഭിച്ചതൊന്നും അദ്ദേഹത്തിന് രസിച്ചില്ല. അങ്ങനെയാണ് ദിനംപ്രതി വാർത്താ സമ്മേളനം വിളിച്ചുകൂട്ടി കോവിഡ് നിർമ്മാർജ്ജനത്തിന്റെ ക്രെഡിറ്റ് സ്വയം ഏറ്റെടുത്തത്. പിന്നീട് നടന്ന ലോകസഭാ തെരഞ്ഞെടുപ്പിൽ ഷാഫി പറമ്പിലിന് എതിരെ വടകരയിൽ സ്ഥാനാർത്ഥിയാക്കി ശൈലജയെ തോൽപ്പിച്ചു.

മട്ടന്നൂരിന് പുറത്ത് മത്സരത്തിനില്ലെന്ന നിലപാടിൽ നിന്ന് അയഞ്ഞ് പേരാവൂരിൽ ഇറങ്ങാൻ ശൈലജ തയ്യാറായിക്കഴിഞ്ഞു. മുൻപ് രണ്ട് മുന്നണികളെയും മാറി മാറി പിന്തുണച്ച മണ്ഡലമാണ് പേരാവൂർ. മണ്ഡലത്തിന്റെ ഈ ചരിത്രമാണ് ശൈലജയ്ക്ക് പ്രത്യാശയേകുന്നത്. ശൈലജയ്ക്ക് രണ്ട് തവണ എന്ന വ്യവസ്ഥയിൽ ഇളവ് അനുവദിച്ചപ്പോൾ സ്പീക്കർ ഷംസീറിനെ പരിഗണിക്കാത്തതും പാർട്ടിക്കുള്ളിൽ ചൂടേറിയ ചർച്ചയ്ക്ക് വിഷയമായിട്ടുണ്ട്. തലശ്ശേരിയിൽ മൂന്നാം ഊഴവും പ്രതീക്ഷിച്ചിരുന്നെങ്കിലും റബ്കോ ചെയർമാൻ കാരായിരാജന്റെ പേരാണ് സ്ഥാനാർത്ഥി പട്ടികയിലുള്ളത്. തളിപ്പറമ്പ് മണ്ഡലത്തിൽ സംസ്ഥാന സെക്രട്ടറി എം. വി ഗോവിന്ദന്റെ ഭാര്യ പി.കെ. ശ്യാമളയെ സ്ഥാനാർത്ഥിയാക്കിയതും മുറുമുറുപ്പിന് ഇടയാക്കിയിട്ടുണ്ട്. പയ്യന്നൂരിൽ ടി.ഐ മധുസൂദനനെ രണ്ടാമതും സ്ഥാനാർത്ഥിയാക്കിയതും അണികളെ ചൊടിപ്പിച്ചു. മധുസൂദനനെ മാറ്റുന്നത് കുഞ്ഞികൃഷ്ണന്റെ ആരോപണങ്ങൾ ശരിവയ്ക്കുന്നതിന് തുല്യമാകുമെന്നതിനാലാണ് പാർട്ടി വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നതിനാലാണ് പാർട്ടി ശക്തമായ തീരുമാനവുമായി മുന്നോട്ടു പോകുന്നത്.